(ബി) ഇതിൽ സ്വാശ്രയ കോളേജുകളും, എയ്ഡഡ് കോളേജുകളും പെടുമോ ; എങ്കിൽ എത്ര വീതം എന്നു പറയുമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാല 25 ബി.എഡ്. കോളേജുകളും 2 ആർട്സ് ആന്റ് സയൻസ് കോളേജുകളും, 5 പ്രൊഫഷണൽ കോളേജുകളും അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല 9 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. കോഴിക്കോട് സർവ്വകലാശാല 8 ആർട്സ് ആന്റ് സയൻസ് കോളേജുകളും, 3 പ്രൊഫഷണൽ കോളേജുകളും അനുവദിക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാല 20 ബി.എഡ്. കോളേജുകളും 15 ആർട്സ് ആന്റ് സയൻസ് കോളേജുകളും 9 പ്രൊഫഷണൽ കോളേജുകളും അനുവദിക്കണമെന്ന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളോടൊപ്പം കഴിഞ്ഞ വർഷം ശുപാർശ ചെയ്തിട്ടും സർക്കാർ അനുവദിക്കാതിരുന്ന കേസുകൾ കൂടി ഈ വർഷം പരിഗണിക്കണമെന്ന് സർവ്വകലാശാലകൾ ശുപാർശ ചെയ്തിട്ടുണ്ട്. സർവ്വകലാശാലാതലത്തിലുള്ള ഇൻസ്പെക്ഷൻ കമ്മീഷൻ ഇനിയും ശുപാർശ ചെയ്യുന്ന മുറയ്ക്ക് പുതിയ കോളേജുകൾക്കുള്ള അനുമതിക്കായി സർക്കാരിൽ നിർദ്ദേശം സമർപ്പിക്കുന്നതാണെന്നും സർവ്വകലാശാലകൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ 2003-04 വർഷം സർക്കാർ പരിഗണിക്കേണ്ട കോളേജുകളുടെ അന്തിമ ലിസ്റ്റ് ആയിട്ടില്ല.

(ബി) അൺ-എയ്ഡഡ്/സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്ന കാര്യം മാത്രമേ സർക്കാർ പരിഗണിക്കുന്നുള്ളൂ.

അന്യസംസ്ഥാനങ്ങളിലെ സർവ്വകലാശാലകൾ നടത്തുന്ന മെഡിക്കൽ, പി.ജി. കോഴ്സുകൾക്ക് അംഗീകാരം നൽകാൻ നടപടി

141 (2083) ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികൾ നടത്തുന്ന ബി.ഡി.എസ്., എം.ബി.ബി.എസ്., എം.എസ്. എന്നീ ഡിഗ്രികൾക്ക് സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഇപ്പോൾ ഏതെല്ലാം യൂണിവേഴ്സിറ്റികൾ നടത്തുന്ന മെഡിക്കൽ പി.ജി. ഡിഗ്രികൾക്കും പോസ്റ്റ് ഗ്രാജ്വേറ്റ് ഡിഗ്രികൾക്കും ആണ് കേരള, കോഴിക്കോട്, എം.ജി. കണ്ണൂർ യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ആൾ ഇന്ത്യാ എൻട്രൻസ് പരീക്ഷ നടത്തി പ്രവേശനം നൽകുന്ന പോണ്ടിച്ചേരി 'ജിപ്മർ'-ൽ എം.ഡി., എം. എസ്. പഠനം നടത്തി പോണ്ടിച്ചേരി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റി നടത്തുന്ന മെഡിക്കൽ പി.ജി. കോഴ്സുകൾക്ക് സംസ്ഥാനത്തെ ഏതെല്ലാം യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകിയിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ ചില യൂണിവേഴ്സിറ്റികൾ പോണ്ടിച്ചേരി യൂണിവേഴ്സിറ്റി നടത്തുന്ന മെഡിക്കൽ പി.ജി. ഡിഗ്രികൾക്ക് അംഗീകാരം നൽകുകയും മറ്റ് യൂണിവേഴ്സിറ്റികൾ അംഗീകാരം നൽകാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷം ഒഴിവാക്കി സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളും ഈ കോഴ്സുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഡി. എം., എം. സി. എച്ച്. എന്നീ സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പരീക്ഷയിൽ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാനുള്ള അവസരം നൽകാൻ അടിയന്തിരമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത കോഴ്സുകളുടെ സ്കീം, സിലബസ്, റൂൾസ്, റഗുലേഷൻ മുതലായവ ഉൾക്കൊള്ളുന്ന വിശദവിവരം ബന്ധപ്പെട്ട സ്ഥാപനത്തിലെ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷ, സർവ്വകലാശാലകൾക്ക് ലഭിക്കുന്ന പക്ഷം അതത് സർവ്വകലാശാലകളിലെ അക്കാഡമിക് കൗൺസിലുകൾ വിശദമായ പരിശോധനയ്ക്കുശേഷം അംഗീകാരം നൽകുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) 'അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയിൽ അംഗങ്ങളായിട്ടുള്ള യൂണിവേഴ്സിറ്റികൾ നടത്തുന്ന റഗുലർ ബി.ഡി.എസ്., എം.ബി.ബി.എസ്, എം.ഡി.എം.എസ്., മെഡിക്കൽ പി.ജി./സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രികൾക്ക് എം.ജി. യൂണിവേഴ്സിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. കേരള, കോഴിക്കോട്, കണ്ണൂർ സർവ്വകലാശാലകളിൽ നിന്ന് ഇത് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) പോണ്ടിച്ചേരി സർവ്വകലാശാല നടത്തുന്ന ബി. ഡി. എസ്. കോഴ്സിന് മാത്രമാണ് കേരള സർവ്വകലാശാല അംഗീകാരം നൽകിയിട്ടുള്ളത്. പോണ്ടിച്ചേരി സർവ്വകലാശാല നടത്തുന്ന റഗുലർ പി.ജി. കോഴ്സുകൾക്കും മറ്റെല്ലാ റഗുലർ കോഴ്സുകൾക്കും എം.ജി. സർവ്വകലാശാല അംഗീകാരം നൽകിയിട്ടുണ്ട്. പോണ്ടിച്ചേരി സർവ്വകലാശാലയുടെ എം.ഡി., എം.എസ്. തുടങ്ങിയ എല്ലാ കോഴ്സുകളും കോഴിക്കോട് സർവ്വകലാശാല അംഗീകരിച്ചിട്ടുണ്ട്. കണ്ണൂർ സർവ്വകലാശാലയിൽ നിന്ന് ഇതു സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഡി) അതത് യൂണിവേഴ്സിറ്റികളിലെ അക്കാഡമിക് കൗൺസിലാണ് ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത്.

(ഇ) പരിശോധിച്ചശേഷം മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly